LIBRARY ARCHIVES Kerala Legislative Assembly

അഴിമതി നിർമ്മാർജ്ജനത്തിനായുള്ള നടപടികൾ

271 (2100) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എല്ലാ തലങ്ങളിലും അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) അഴിമതി നിർമ്മാർജ്ജനത്തിനും അഴിമതിക്കാർക്കെതിരെയും മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(സി) അഴിമതി നിയന്ത്രിക്കാനുള്ള സംവിധാനം നിഷ്പക്ഷവും നീതിപൂർവ്വവുമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അഴിമതി ആരോപണങ്ങൾ ശരിവെയ്ക്കുന്ന നിലയിലുള്ള തെളിവുകൾ വിജിലൻസ് അവഗണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള സംവിധാനം അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നുണ്ട്.

(സി) അഴിമതി നിയന്ത്രിക്കാനുള്ള സംവിധാനം നിഷ്പക്ഷവും നീതിപൂർവ്വവുമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബാർകോഴക്കേസിൽ ഹൈക്കോടതി പരാമർശം

272 (2101) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസിൽ ഹൈക്കോടതി സർക്കാരിനെതിരെ നടത്തിയ പരാമർശങ്ങൾ എങ്ങനെയാണ് വിലയിരുത്തുന്നത് ;

(ബി) ഹൈക്കോടതിയുടെ വിവിധ ബഞ്ചുകൾ തുടർച്ചയായി സർക്കാർ വീഴ്ചകൾ ചൂണ്ടിക്കാട്ടിയിട്ടും എന്തു നടപടിയാണ് കൈക്കൊണ്ടത് ;

(സി) വിജിലൻസ് ഡയറക്ടർ സ്ഥാനത്തു നിന്ന് രാജിവച്ച വിൻസന്റ് എം. പോളിന് പുതിയ പദവികൾ നൽകിയിട്ടുണ്ടോ ?